**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1355** **03-02-2026-ൽ മറുപടിയ്ക്ക്**

**ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട പരിശോധനകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. എസ്. സുപാൽ

ശ്രീ. പി. എസ്. സുപാൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. ഇ. കെ. വിജയൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ദേശീയപാതയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുമ്പായി അതിന്റെ പല ഭാഗങ്ങളിലും വലിയതരത്തിലുള്ള കേടുപാടുകൾ സംഭവിച്ച് വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

**മറുപടി:** ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് തകർച്ച സംഭവിച്ച സംഭവങ്ങൾ ശ്രദ്ധയിൽ പെട്ട ഉടൻ തന്നെ സ്വീകരിച്ച പരിഹാര നടപടികൾ ഉൾപ്പെടെ അവലോകനം ചെയ്യുന്നതിന് യോഗങ്ങൾ നടത്തിയിരുന്നു. ദേശീയപാത വികസനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കണം എന്ന ആവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നു.

ദേശീയപാത അതോറിറ്റി നടപ്പാക്കുന്ന ദേശീയപാത 66 ന്റെ 17 സ്ട്രെച്ചുകളിൽ (പൂർത്തിയായതും പുരോഗമിക്കുന്നതും) Reinforced Soil (RS) Wall ഉൾപ്പെടെയുള്ള എല്ലാ സ്ട്രക്ചറുകളുടെയും മണ്ണ് പരിശോധനയുൾപ്പെടുള്ള ലാബ് പരിശോധനകൾ നടത്തുന്നതിനായി പത്ത് പ്രത്യേക വിദഗ്ധ ഏജൻസികളെ ഏർപ്പെടുത്തി സമഗ്ര ജിയോടെക്നിക്കൽ പഠനം (Comprehensive Geo technical Programme) ആരംഭിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ കണ്ടെത്തലുകൾ, ജിയോടെക്നിക്കൽ പഠന റിപ്പോർട്ടുകൾ, സാമൂഹിക പരിഗണനകൾ എന്നിവ സംയുക്തമായി പരിശോധിച്ച ശേഷം ഓരോ Reinforced Soil (RS) Wall ന്റെയും ഡിസൈൻ, നിർമ്മാണം എന്നിവ പുനഃപരിശോധിച്ച ശേഷം, ആവശ്യമായിടത്ത് ശക്തിപ്പെടുത്തൽ, പുനർരൂപകൽപ്പന, അഥവാ പൊളിച്ച് നീക്കി വയഡക്ട് (Viaduct)നിർമ്മാണം എന്നിവ പരിഗണിക്കുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സുരക്ഷയും സ്ഥിരതാ മാനദണ്ഡങ്ങളും പൂർണമായി പാലിച്ച ശേഷമേ ഏതൊരു റോഡ് ഭാഗവും ഗതാഗതത്തിനായി തുറന്നുകൊടുക്കുകയുള്ളൂ എന്ന് ദേശീയപാത അതോറിറ്റി ഉറപ്പ് നൽകിയിട്ടുണ്ട്.

**(ബി)** ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് തകർച്ച സംഭവിച്ച ഭാഗങ്ങൾ ദേശീയപാതാ അതോറിറ്റിയുടെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള കേന്ദ്രസംഘം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** A പിരിവിന്റെ അതേ മറുപടി

**(സി)** ദേശീയപാത നിർമ്മാണത്തിൽ സംസ്ഥാനത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമല്ലാത്ത രീതിയിൽ മണ്ണിട്ട് ഉയർത്തിയ ഉയരപാതകൾക്ക് പകരമായി പൈല്ലെ ഓവറുകൾ നിർമ്മിക്കുന്ന തരത്തിൽ ഡി. പി. ആർ-ൽ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** A പിരിവിന്റെ അതേ മറുപടി

**(ഡി)** ദേശീയപാത 66-ന്റെ നിർമ്മാണത്തിനിടയിൽ തകർച്ചയും അപകടങ്ങളും സംഭവിച്ച ഭാഗങ്ങളിൽ വീണ്ടും മണ്ണ് പരിശോധന ഉൾപ്പെടെയുള്ള ശാസ്ത്രീയ പരിശോധനകൾ നടത്തി നിർമ്മാണത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള ഉറപ്പ് ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

**<u>മറുപടി:</u>** A പിരിവിന്റെ അതേ മറുപടി

**(ഇ)** ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ സ്ഥലങ്ങളിൽ വാഹനാപകടങ്ങളും മരണങ്ങളും തുടർച്ചയായുണ്ടാകുന്ന സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനത്തോടനുബന്ധിച്ച് പാലിക്കപ്പെടേണ്ട സുരക്ഷാ സംവിധാനങ്ങൾ നിർമ്മാണ കമ്പനികൾ പാലിക്കപ്പെടുന്നുണ്ടോയെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

**<u>മറുപടി:</u>** NH-66 നിർമ്മാണത്തിനിടെ ആവശ്യമായ സുരക്ഷ ഉറപ്പാക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു.ഇത്തരം സംഭവങ്ങൾ വീണ്ടും ആവർത്തിക്കാതിരിക്കാൻ സൈറ്റ് സുരക്ഷാ പ്രോട്ടോകോളുകൾ ശക്തിപ്പെടുത്തൽ, വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ നിർബന്ധിതമാക്കൽ, കർശനമായ മേൽനോട്ടവും സുരക്ഷാ ഓഡിറ്റുകളും, പ്രവൃത്തി മേഖലകളിൽ മെച്ചപ്പെടുത്തിയ ബാരിക്കേഡിംഗും ട്രാഫിക് മാനേജ്മെന്റ് ക്രമീകരണങ്ങളും, മുന്നറിയിപ്പ് ബോർഡുകളും വേഗനിയന്ത്രണ സംവിധാനങ്ങളും സ്ഥാപിക്കൽ, പരിശീലനം നേടിയ സുരക്ഷാ ജീവനക്കാരെ നിയോഗിക്കൽ, തൊഴിലാളികൾക്ക് സ്ഥിരമായ സുരക്ഷാ പരിശീലനവും ടൂൾബോക്സ് ചർച്ചകളും നടത്തൽ, സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങളുടെ കർശനമായ നടപ്പാക്കൽ തുടങ്ങിയ സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**